ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1096

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

## സൂക്തം: 1–5

സൂറ യാസീനിന്റെ തൊട്ടുപിറകെ ഈ സൂറ നിബന്ധിച്ചതിന് രണ്ട് ഔചിത്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു: 1) രണ്ടു സൂറകളും പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ വിളങ്ങുന്ന അപാരമായ സൃഷ്ടി വൈഭവവും വ്യവസ്ഥാപിതത്വവും വർണിച്ചുകൊണ്ട്, അത് പങ്കാളികളില്ലാത്ത ആ ഏക ശക്തിയിൽനിന്ന് ഉളവായതാകാനേ തരമുള്ളൂ എന്ന് സ്ഥാപിക്കുന്നു. 2) സൂറ യാസീൻ സൂചിപ്പിക്കുന്ന നശീകൃത സമൂഹങ്ങളിൽ ചിലതിനെയും അവർക്കേർപ്പെട്ട നാശത്തെയും കുറിച്ച് ഈ സൂറ വിശദമായി സംസാരിക്കുന്നു.

## ആമുഖം

പ്രാരംഭ പദമായ 'അസ്സ്വാഫ്ഫാത്ത്' തന്നെയാണ് ഈ സൂറയുടെ നാമമെന്നതിൽ തർക്കമില്ല. ഇതിന് 'സൂറത്തുദ്ദബീഹ്' എന്നുകൂടി പേരുണ്ടെന്ന് ജഅ്ബരി പ്രസ്താവിച്ചിട്ടുണ്ടെങ്കിലും തെളിയിക്കപ്പെട്ടിട്ടില്ല. സൂറയുടെ അവതരണം മക്കയിലാണെന്നതും അവിതർക്കിതമാകുന്നു. പ്രവാചകന്റെ മക്കാ ജീവിതത്തിന്റെ രണ്ടാം പകുതിയുടെ ആരംഭത്തിലാണ് അവതരിച്ചതെന്ന് ഉള്ളടക്കം വിലയിരുത്തിക്കൊണ്ട് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നു. മുസ്ഹഫിൽ 37-ാമതായി ചേർത്തിട്ടുള്ള *അസ്സ്വാഫ്ഫാത്ത്* അവതരണക്രമപ്രകാരം 56-ാമത്തേതാണ്. സൂറ *അൽ അൻആമി*നു ശേഷം സൂറ *ലുഖ്മാനു* മുമ്പാണ് അവതരണം.

അക്കാലത്ത് ഖുറൈശികളുടെ ഇസ്‌ലാം വിരോധവും മുസ്‌ലിം പീഡനവും പാരമ്യത്തിലെത്തിയിരുന്നു. മർദനം താങ്ങാനാവാതെ വിശ്വാസികളിൽ പലരും അബ്സീനിയയിലേക്ക് പലായനം ചെയ്തു. പലായനം ചെയ്തവർ രക്ഷപ്പെട്ടുവെങ്കിലും അത് മക്കയിൽ അവശേഷിച്ച മുസ്‌ലിംകളുടെ പ്രതിസന്ധി കൂടുതൽ രൂക്ഷമാക്കി. ഇസ്‌ലാമിനെ മക്കയിൽനിന്ന് തുരത്തുക ഇനി ഏറെ അനായാസകരമാണെന്ന് ഖുറൈശികൾ കണക്കുകൂട്ടി. ഈ സാഹചര്യത്തിൽ ഖുർആൻ അവരെ താക്കീതു ചെയ്യുകയാണ്: മക്കയിൽ അവശേഷിച്ച പ്രവാചകനെയും തുഛം അനുയായികളെയും നിങ്ങൾ പുഛരിക്കുകയും പരിഹസിക്കുകയും മർദിക്കുകയും ചെയ്യുന്നു. അങ്ങനെ ദൈവദൂതനെയും ദൈവിക ദീനിനെയും നാട്ടിൽനിന്ന് തുടച്ചു നീക്കാമെന്നാണ് നിങ്ങൾ കരുതുന്നത്. എന്നാൽ അതുകൊണ്ടൊന്നും ദൈവിക ദീൻ തോൽക്കാൻ പോകുന്നില്ല. ബാക്കിയുള്ളവരും തൽക്കാലം മക്കയിൽനിന്ന് പലായനം ചെയ്യേണ്ടിവന്നാലും ഇസ്‌ലാം പരാജയപ്പെടാൻ പോകുന്നില്ല. നിങ്ങൾ ക്രൂരമർദനങ്ങളാൽ ആട്ടിയോടിച്ചവർ ഒരുനാൾ ജേതാക്കളായി ഈ നാട്ടിൽ തിരിച്ചെത്തുക തന്നെ ചെയ്യും. ഇപ്പോൾ ആട്ടിയോടിച്ചവരെ അന്ന് നിങ്ങൾ സാദരം സ്വീകരിക്കേണ്ടതായും നിസ്സഹായരായി കീഴടങ്ങി അവരുടെ ഔദാര്യത്തിനു വേണ്ടി യാചിക്കേണ്ടതായും വരും. അന്നത്തെ മുസ്‌ലിംകളുടെ ഭൗതിക സാഹചര്യം വെച്ചുനോക്കിയാൽ പുലരാൻ യാതൊരു സാധ്യതയുമില്ലാത്ത പ്രവചനമായിരുന്നു ഇത്. ഏതാണ്ട് ഒന്നര പതിറ്റാണ്ട് പിന്നിട്ടപ്പോൾ ഈ പ്രവചനം അക്ഷരംപ്രതി പുലരുന്നതാണ് ലോകം കണ്ടത്.

ഈ കാലഘട്ടത്തിൽ അവതരിച്ച ഇതര സൂറകളെപ്പോലെ ഈ സൂറയുടെയും മുഖ്യപ്രമേയം ദൈവത്തിന്റെ ഏകത്വവും പരലോകവും പ്രവാചകത്വവും തന്നെയാണ്. ദൈവത്തിന്റെ ഏകത്വം സ്ഥിരപ്പെടുത്തുന്നതിന്റെ ഭാഗമായി

മലക്കുകളുടെ ദിവ്യത്വത്തെ നിഷേധിക്കുകയും അവർ അല്ലാഹുവിന്റെ സൃഷ്ടികളും ആജ്ഞാനുവർത്തികളും മാത്രമാണെന്ന് സ്ഥാപിക്കുകയും ചെയ്യുന്നു. അഗോചര ജ്ഞാനം അല്ലാഹുവിനു മാത്രമുള്ളതാണെന്ന് ഉണർത്തുകയും ചെകുത്താന്മാർ വാനലോകത്തെ കാര്യങ്ങൾ അറിഞ്ഞുവന്ന് ഭൂവാസികൾക്ക് പകർന്നുകൊടുക്കുന്നുവെന്ന വിശ്വാസത്തെ നിഷേധിക്കുകയും ചെയ്യുന്നു.

തുടർന്ന് പരലോകത്തെ പുഛരിച്ചു തള്ളുന്നവർക്ക് മുന്നറിയിപ്പു നൽകുന്നു: ഉയിർത്തെഴുന്നേൽപു സംഭവിക്കുകയില്ല എന്ന വിചാരം നിങ്ങളുടെ വ്യാമോഹം മാത്രമാകുന്നു. അതു സംഭവിക്കേണ്ടത് അനിവാര്യമാണ്. പരലോകത്ത് ഉയിർത്തെഴുന്നേൽപിക്കപ്പെടുമ്പോൾ പരലോക നിഷേധത്തിന് നേതൃത്വം നൽകിയവരെ അവരുടെ നീതരായ സാധാരണക്കാർ നിങ്ങൾ മൂലമാണ് ഞങ്ങൾക്ക് ഈ ഗതി വന്നതെന്ന് ആക്ഷേപിക്കുകയും ശപിക്കുകയും ചെയ്യും. നേതാക്കൾ പ്രതികരിക്കും: ഞങ്ങളെ പിന്തുടരുക എന്നത് നിങ്ങൾ സ്വയം എടുത്ത തീരുമാനമായിരുന്നു, ഞങ്ങൾ വഴിപിഴച്ചതുപോലെ നിങ്ങളും വഴിപിഴച്ചു എന്നല്ലാതെ നിങ്ങളുടെ കാര്യത്തിൽ ഞങ്ങൾക്ക് ഉത്തരവാദിത്വമൊന്നുമില്ല.

തുടർന്ന്, കൂട്ടുകാരുടെയും നേതാക്കളുടെയും പ്രേരണകളും പ്രലോഭനങ്ങളും ഭീഷണികളും വകവെക്കാതെ പ്രവാചകസന്ദേശം കൈക്കൊള്ളുകയും സത്യധർമങ്ങൾ പാലിച്ച് ജീവിതം നയിക്കുകയും ചെയ്തവർക്ക് പരലോകത്ത് ലഭിക്കുന്ന സൗഭാഗ്യങ്ങളിൽ ചിലതും ചൂണ്ടിക്കാണിക്കുന്നു. ഒപ്പം പൂർവപിതാക്കളോടുള്ള അന്ധമായ അനുകരണഭ്രമത്തിലകപ്പെട്ട് ദൈവദൂതനെയും അദ്ദേഹത്തിന്റെ പ്രബോധനങ്ങളെയും രൂക്ഷമായി എതിർക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നവർ പരലോകത്ത് നേരിടാനിരിക്കുന്ന നിത്യദുരിതത്തെക്കുറിച്ച് മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതന്മാരെ തള്ളിപ്പറഞ്ഞ് അധർമത്തിലും അക്രമത്തിലും വിഹരിച്ചവർ ഈ ലോകത്തു തന്നെ ശിക്ഷിക്കപ്പെട്ടതിന്റെ ചരിത്രസാക്ഷ്യങ്ങൾ ഉദ്ധരിക്കുന്നു. നൂഹ്, ഇബ്റാഹീം, മൂസാ, ലൂത്, ഇൽയാസ്, യൂനുസ് (അ) തുടങ്ങിയ മഹാപ്രവാചകന്മാരെയും അവരുടെ സമുദായങ്ങളെയും അനുസ്മരിക്കുന്നു. അക്കൂട്ടത്തിൽ ദൈവകൽപനയുണ്ടായപ്പോൾ തന്റെ ഏകപുത്രനെ ബലിയറുക്കാൻ നിസ്സങ്കോചം സന്നദ്ധനായ ഇബ്റാഹീമി(അ)ന്റെയും ദൈവകൽപന പ്രകാരം ബലിയാകാൻ സസന്തോഷം സ്വയം സന്നദ്ധനായ ഇസ്മാഈലിന്റെ(അ)യും ത്യാഗമനസ്സും സമർപ്പണ ബോധവും സവിശേഷം വർണിക്കുന്നു.

സൂറ *യാസീനി*ന്റെ തൊട്ടുപിറകെ ഈ സൂറ നിബന്ധിച്ചതിന് രണ്ട് ഔചിത്യങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിരിക്കുന്നു: 1) രണ്ടു സൂറകളും പ്രാപഞ്ചിക പ്രതിഭാസങ്ങളിൽ വിളങ്ങുന്ന അപാരമായ സൃഷ്ടി വൈഭവവും വ്യവസ്ഥാപിതത്വവും വർണിച്ചുകൊണ്ട്, അത് പങ്കാളികളില്ലാത്ത ആ ഏക ശക്തിയിൽ നിന്ന് ഉളവായതാകാനേ തരമുള്ളൂ എന്നും സ്ഥാപിക്കുന്നു. 2) സൂറ *യാസീൻ* സൂചിപ്പിക്കുന്ന നശീകൃത സമൂഹങ്ങളിൽ ചിലതിനെയും അവർക്കേർപ്പെട്ട നാശത്തെയും കുറിച്ച് ഈ സൂറ വിശദമായി സംസാരിക്കുന്നു.

ഈ സൂറയുടെ ശ്രേഷ്ഠത സംബന്ധിച്ച് നബി(സ) പ്രസ്താവിച്ചതായി അബൂദാവൂദ് *ഫദാഇലുൽ ഖുർആനി*ൽ ഇപ്രകാരം ഉദ്ധരിച്ചിരിക്കുന്നു: 'വെള്ളിയാഴ്ച നാളിൽ സൂറ *യാസീനും* സൂറ *അസ്സ്വാഫ്ഫാത്തും* പാരായണം ചെയ്യുകയും എന്നിട്ട്, അല്ലാഹുവിനോട് പ്രാർഥിക്കുകയും ചെയ്താൽ ആ പ്രാർഥന സഫലമാകും.' ●

---

**സൂറഃ അസ്സ്വാഫ്ഫാത്ത്**
**സൂക്തം: 182, അവതരണം മക്കയിൽ**

**സൂക്തം: 1 – 5**

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

**പരമദയാലുവും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ**

وَالصَّافَّاتِ صَفًّا ﴿١﴾

1. അണിയണിയായി നിലകൊള്ളുന്നവരാണ,

فَالزَّاجِرَاتِ زَجْرًا ﴿٢﴾

2. പിന്നെ കർശനമായി നിയന്ത്രിക്കുന്നവരാണ,

فَالتَّالِيَاتِ ذِكْرًا ﴿٣﴾

3. പിന്നെ ഉപദേശമോതുന്നവരാണ

إِنَّ إِلَٰهَكُمْ لَوَاحِدٌ ﴿٤﴾

4. നിങ്ങളുടെ ദൈവം ഒരേയൊരുവൻ മാത്രമാകുന്നു.

رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ وَمَا بَيْنَهُمَا وَرَبُّ ٱلْمَشَٰرِقِ ﴿٥﴾

5. ആകാശലോകത്തിന്റെയും ഭൂലോകത്തിന്റെയും അവക്കിടയിലുള്ളതിന്റെയും വിധാതാവ്. ഉദയചക്രവാളങ്ങളുടെയൊക്കെയും വിധാതാവ്.

**1-5**

وَالصَّافَّاتِ صَفًّا = അണിയണിയായി നിലകൊള്ളുന്നവരാണ

فَالزَّاجِرَاتِ زَجْرًا = പിന്നെ കർശനമായി നിയന്ത്രിക്കുന്നവരാണ, വിരട്ടിയോടിക്കുന്നവരാണ

فَالتَّالِيَاتِ ذِكْرًا = പിന്നെ ഉപദേശം, വേദം ഓതുന്നവരാണ

إِنَّ إِلَٰهَكُمْ لَوَاحِدٌ = തീർച്ചയായും നിങ്ങളുടെ ദൈവം ഒരുവൻ തന്നെ (ഒരേയൊരുവൻ മാത്രമാകുന്നു)

رَّبُّ السَّمَاوَاتِ وَالْأَرْضِ = ആകാശലോകത്തിന്റെയും ഭൂലോകത്തിന്റെയും വിധാതാവ്

وَمَا بَيْنَهُمَا = അവക്കിടയിലുള്ളതിന്റെയും وَرَبُّ الْمَشَارِقِ = ഉദയചക്രവാളങ്ങളുടെ(യൊക്കെയും) വിധാതാവ്

صَفّ -ന്റെ കർതൃവചനമായ صافة -ന്റെ ബഹുവചനമാണ് صافات. വരിയും അണിയും നിരയുമൊക്കെയാണ് صف. നമസ്കാരത്തിൽ ഇമാമിനു പിന്നിൽ നിൽക്കുന്ന അണികൾ صف ആണ്. ജാഥകളിലും മറ്റും അണിചേരുന്നതിനും പടയാളികൾ മീതെനിന്നുള്ള കൽപന കാത്ത് അണിചേർന്ന് ജാഗ്രതയോടെ (Attention) നിൽക്കുന്നതും صف തന്നെ. صَفَ -യാണ് ഇതിന്റെ ക്രിയാരൂപം. صُفُوفُ الجَيْش സൈനിക നിരകളാണ്. കർശനമായ നിയന്ത്രണം, വിരട്ട്, ഗർജനം, വിലക്ക് തുടങ്ങിയ അർഥങ്ങളുള്ള പദമാണ് زجر. അതിന്റെ ബഹുവചന കർതൃരൂപമാണ് زاجرات. تلاوت (ഓത്തും ഉരുവിടലും) -ന്റെ ബഹുവചന കർതൃ പദമാണ് تاليات. സ്മരണ, പരാമർശം, ഭജന, ഉപദേശം, ഉദ്ബോധനം, വേദം തുടങ്ങിയ അർഥങ്ങൾ വഹിക്കുന്ന പദമാണ് ذكر. ഈ അർഥങ്ങളിലെല്ലാം ഖുർആൻ ഈ പദം ഉപയോഗിച്ചിരിക്കുന്നു. അല്ലാഹുവിനെ ഓർക്കുന്നതിനും ഭജിക്കുന്നതിനും ذكرالله എന്നു പറയും. സ്റ്റാമ്പിനും പ്രവേശന ടിക്കറ്റിനും تذكرة എന്നുപറയും. تذكّر ഓർമിക്കലും تذكير ഓർമിപ്പിക്കലുമാണ്. فَذَكِّرْ إِن نَّفَعَتِ الذِّكْرَىٰ (ഉപദേശം ഫലപ്രദമാകുമെങ്കിൽ നീ ഉപദേശിച്ചുകൊണ്ടിരിക്കണം – 87:9).

يَا أَيُّهَا الَّذِي نُزِّلَ عَلَيْهِ الذِّكْرُ- ഓ, ദിക്റ് ഇറങ്ങിയവനേ (15:6) എന്ന വാക്യത്തിലെ ദിക്റ് കൊണ്ട് വിവക്ഷിക്കുന്നത് വേദഗ്രന്ഥം- ഖുർആൻ- ആണ്. واحد ഒരുവൻ - അദ്വിതീയൻ- ആകുന്നു. ചില സ്ഥലങ്ങളിൽ അല്ലാഹുവിനെ أحد എന്നും വിശേഷിപ്പിക്കുന്നുണ്ട്. ഉദാ: قُلْ هُوَ اللَّهُ أَحَدٌ (പ്രഖ്യാപിക്കുക അവൻ, അല്ലാഹു 'അഹദ്' ആകുന്നു). വിഭജനത്തിനതീതൻ- അഖണ്ഡൻ- ആയ ഏകനാണ് أحد. ഇവിടെ إِنَّ إِلَٰهَكُمْ لَوَاحِدٌ-ലെ إِنَّ -യും لَ -യും ഏകൻ എന്ന ആശയത്തെ ദൃഢീകരിക്കാനുള്ളതാണ്. അപ്പോൾ ഏകൻ മാത്രം എന്ന് അർഥം ലഭിക്കുന്നു. ഉദയത്തിനും ഉദയദിക്കായ കിഴക്കിനും ഉപയോഗിക്കുന്ന مَشَارِق -ൽനിന്നുത്ഭവിച്ച مَشْرِق -ന്റെ ബഹുവചനമാണ് شَرْق. (ഉദയചക്രവാളങ്ങൾ). സൂര്യനുദിച്ച്, വെളിച്ചം പരക്കുന്നതിന് أَشْرَقَ എന്നു പറയും. പൗരസ്ത്യദേശങ്ങൾ بلاد الشرق ആകുന്നു. മധ്യപൗരസ്ത്യ ദേശം شرق الأوسط. പൗരസ്ത്യ സംസ്കാര പഠനത്തെ الْإِسْتِشْرَاق എന്നും അതിന്റെ പഠിതാവിനെ (ഓറിയന്റലിസ്റ്റ്) مُسْتَشْرِق എന്നും പറയുന്നു. مَشْرِقْ -ന്റെയും مُشَارِق -ന്റെയും വിപരീതമാണ് مَغْرِبْ -ഉം مُغَارِبْ -ഉം. ഖുർആൻ ഈ പദങ്ങളെ ഏകവചനമായും (ഉദാ: وَلِلَّهِ الْمَشْرِقُ وَالْمَغْرِبُ- ഉദയസ്ഥാനവും അസ്തമയസ്ഥാനവും അല്ലാഹുവിന്റേതു തന്നെയാകുന്നു – 2:115), ദ്വിവചനമായും (ഉദാ: ربّ المشرقين والمغربين-രണ്ട് ഉദയസ്ഥാനങ്ങളുടെയും രണ്ട് അസ്തമയസ്ഥാനങ്ങളുടെയും നാഥൻ – 43:38) ബഹുവചനമായും (ഉദാ: رَبِّ الْمَشَارِقِ وَالْمَغَارِبِ -ഉദയാസ്തമയ സ്ഥാനങ്ങളുടെയൊക്കെയും നാഥൻ – 70:40) ഉപയോഗിച്ചിരിക്കുന്നു. ഉദയചക്രവാളങ്ങളെ (المشارق) മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ. ഈ പ്രയോഗ വൈവിധ്യങ്ങളെയെല്ലാം സത്യപ്പെടുത്തുന്നതാണ് ഉദയാസ്തമയ പ്രതിഭാസങ്ങൾ.

ഭൂമിയിൽ ഒരിടത്തുനിന്ന് നോക്കുന്നവർ സൂര്യൻ സ്ഥിരമായി ഒരിടത്ത് ഉദിക്കുന്നതായും മറ്റൊരിടത്ത് അസ്തമിക്കുന്നതായും കാണുന്നു. ആ സ്ഥലത്തുനിന്ന് കുറേ കിഴക്കോട്ടോ പടിഞ്ഞാറോട്ടോ മാറി സ്ഥിതിചെയ്യുന്ന നാട്ടിൽനിന്ന് നോക്കുമ്പോൾ കാണുന്ന ഉദയാസ്ഥമയ സ്ഥാനങ്ങൾ വ്യത്യസ്തമായിരിക്കും. കൂടാതെ, ഭൂമിയുടെ സ്വന്തം അച്ചുതണ്ടിലൂടെയുള്ള കറക്കവും ഭ്രമണപഥത്തിലൂടെയുള്ള സഞ്ചാരവും സൂര്യന്റെ അയനവും ഓരോ ദിവസവും ഉദയാസ്തമയ സ്ഥാനത്തിലും സമയത്തിലും നേരിയ വ്യത്യാസങ്ങളുണ്ടാക്കുന്നുണ്ട്. ഇത് നിരീക്ഷിച്ച വിദ്വാന്മാർ വർഷത്തിലെ ഓരോ ദിവസത്തിനും ഓരോ ഉദയാസ്തമയ സ്ഥാനങ്ങളും സമയങ്ങളും ഉണ്ടെന്ന് അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ വ്യത്യാസവും കണിശമായ നിയമമനുസരിച്ചാണ്. ഒരാണ്ടിലെ നിശ്ചിത തീയതിയിലെ ഉദയാസ്തമയ സ്ഥലകാല വ്യത്യാസം അടുത്ത ആണ്ടിലെ അതേ തീയതിയിൽ അതേ പടി ആവർത്തിക്കുന്നു. അതുകൊണ്ടാണ് ഓരോ വർഷവും ഋതുഭേദങ്ങൾ കൃത്യമായി സംഭവിച്ചുകൊണ്ടിരിക്കുന്നത്.

ഖുർആൻ പറയുന്ന രണ്ട് ഉദയസ്ഥാനങ്ങളും അസ്തമയസ്ഥാനങ്ങളും ശൈത്യകാലത്തെയും ഉഷ്ണകാലത്തെയും വ്യത്യസ്തമായ ഉദയാസ്തമയ സ്ഥാനങ്ങളാണെന്നു വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. രണ്ട് ഉദയസ്ഥാനങ്ങളും രണ്ട് അസ്തമയസ്ഥാനങ്ങളും

- المشرقين والمغربين - ഒരേ ഉദയാസ്തമയ സ്ഥാനങ്ങൾ തന്നെയാണെന്നാണ് മറ്റൊരു വ്യാഖ്യാനം. സൂര്യൻ ഒരിടത്ത് ഉദിക്കുമ്പോൾ നേരെ എതിർദിശയിൽ അസ്തമിക്കുകയായിരിക്കുമല്ലോ. സ്വയം പ്രകാശിക്കാത്ത ഗോളങ്ങളിലെല്ലാം ഇതര പ്രകാശഗോളങ്ങളാൽ ഉദയാസ്തമയങ്ങൾ സംഭവിക്കുന്നുണ്ട്. ആ നിലക്ക് ഉദയാസ്തമയ സ്ഥാനങ്ങളുടെ നാഥൻ മുഴുവൻ പ്രപഞ്ചത്തിന്റെയും നാഥനുമാകുന്നു.

മൂന്നു പ്രതിഭാസങ്ങളുടെ പേരിൽ ആണയിട്ട് അല്ലാഹുവിന്റെ ഏകത്വം ഉറപ്പിക്കുകയാണീ സൂക്തങ്ങൾ. പ്രതിഭാസങ്ങൾ മൂന്നും വിശേഷണങ്ങളാണ്. അവയുടെ വിശേഷ്യം മലക്കുകൾ ആണെന്നാണ് പൂർവിക പണ്ഡിതന്മാർ പൊതുവിൽ പ്രസ്താവിച്ചിട്ടുള്ളതും കൂടുതൽ പ്രചരിച്ചിട്ടുള്ളതും. സാരമിതാണ്: ദൈവകൽപന കാത്ത് അണിയണിയായി ജാഗ്രതയോടെ നിലകൊള്ളുകയും പിന്നെ കൽപനപ്രകാരം മഴമേഘങ്ങളെ ഉദ്ദിഷ്ട സ്ഥാനങ്ങളിലേക്ക് ഇടിനാദങ്ങളുടെയും മിന്നൽപിണരുകളുടെയും അകമ്പടിയോടെ തെളിച്ചുകൊണ്ടുപോവുകയും വാനലോക രഹസ്യങ്ങൾ ചോർത്താൻ ശ്രമിക്കുന്ന ചെകുത്താന്മാരെ വിരട്ടിയോടിക്കുകയും പിന്നെ ദൈവദൂതന്മാർക്ക് വേദപ്രമാണങ്ങളും മറ്റു വെളിപാടുകളും ഓതിക്കൊടുക്കുകയും ചെയ്യുന്ന മലക്കുകൾ സാക്ഷി, നിങ്ങളുടെ ദൈവം ഒരേയൊരുവൻ മാത്രമാകുന്നു. അവൻ തന്നെയാണ് അഖിലാണ്ഡ വിധാതാവ്. സകലമാന ചക്രവാളങ്ങളുടെയും ഉടമയും അവർ തന്നെ. അവയുടെ സൃഷ്ടിയിലോ പരിപാലനത്തിലോ മറ്റാർക്കും ഒരു പങ്കുമില്ല.

സൂക്തങ്ങളിലെ സൂചിതം മലക്കുകൾ ആണ് എന്നതിന് ന്യായമായി രണ്ടു കാര്യങ്ങൾ ഉന്നയിക്കപ്പെടുന്നു: 1) തുടർന്ന് 8-ാം സൂക്തത്തിൽ മലക്കുകളുടെ നടപടികൾ സൂചിപ്പിക്കുന്നു. 2) ഈ സൂറയിൽ തന്നെ 164-166 സൂക്തങ്ങളിൽ മലക്കുകളെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു: 'ഞങ്ങളിലോരോരുത്തർക്കും നിശ്ചിത സ്ഥാനമുണ്ട്. ഞങ്ങൾ ആ സ്ഥാനത്ത് അണിനിരന്നു നിലകൊള്ളുന്നവരും അല്ലാഹുവിനെ വാഴ്ത്തിക്കൊണ്ടിരിക്കുന്നവരുമാകുന്നു.'

അന്ത്യനാളിൽ അല്ലാഹുവും അണിയണിയായി മലക്കുകളും ആഗതരാകുമെന്നും - അന്ന് ആത്മാവും മലക്കുകളും അണിനിരന്ന് നിലകൊള്ളുമെന്നും وَجَاءَ رَبُّكَ وَالْمَلَكُ صَفًّا صَفًّا 89:22-ലും പ്രസ്താവിച്ചിരിക്കുന്നു.

അണിനിരക്കുന്നവർ നമസ്കാരത്തിന് അണിനിരക്കുന്ന വിശ്വാസികളാണെന്നും തക്ബീറത്തുൽ ഇഹ്റാമിനു ശേഷം أعوذ بالله من الشيطان الرجيم എന്ന പ്രാർഥനയിലൂടെ ചെകുത്താനെ ഭർത്സിക്കുന്നവരാണ് الزَّاجِرَاتِ എന്നും തുടർന്ന് ഖുർആൻ പാരായണം ചെയ്യുന്നവരാണ് التَّالِيَاتِ എന്നുമാണ് മറ്റൊരു വ്യാഖ്യാനം. മൂന്നാമത്തെ വ്യാഖ്യാനം ഇതാണ്: ദൈവിക ദീനിന്റെ വ്യാപനത്തിനും വിജയത്തിനും വേണ്ടി അണിചേർന്ന് ജിഹാദിൽ ഏർപ്പെടുന്നവരാണ് صَافَّات

إِنَّ اللَّهَ يُحِبُّ الَّذِينَ يُقَاتِلُونَ فِي سَبِيلِهِ صَفًّا كَأَنَّهُم بُنْيَانٌ مَّرْصُوصٌ

'തന്റെ മാർഗത്തിൽ, സുഭദ്രമായ കെട്ടിടം പോലെ ഒറ്റക്കെട്ടായി അണിചേർന്ന് പോരാടുന്നവരെ അല്ലാഹു സ്നേഹിക്കുന്നു' എന്ന് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ജിഹാദിലൂടെ അല്ലാഹുവിന്റെ ശത്രുക്കളെയും ചെകുത്താന്റെ മിത്രങ്ങളെയും വിരട്ടിയോടിക്കുന്നവരാണ് الزَّاجِرَاتِ. അങ്ങനെ ലോകത്ത് വിശുദ്ധ ഖുർആനും ഇസ്ലാമിക ധർമവും പ്രബോധനം ചെയ്യുന്നവരാണ് التَّالِيَاتِ. സൂക്തങ്ങളിലെ വാക്കുകളുമായി യോജിക്കുന്നതാണീ മൂന്നു വ്യാഖ്യാനവും. ഒടുവിൽ പറഞ്ഞതാണ് കൂടുതൽ വിശാലമായ വ്യാഖ്യാനം.

സൃഷ്ടികൾ സൃഷ്ടികളെ സാക്ഷിയാക്കി സത്യം ചെയ്യാൻ പാടില്ലെന്ന് ഇസ്ലാം അനുശാസിക്കുന്നുണ്ട്. ഗോചരമായ സാക്ഷികളും തെളിവുകളും ഇല്ലാത്ത കാര്യങ്ങളിലാണ് 'സത്യം ചെയ്യൽ' പ്രസക്തമാകുന്നത്. അദൃശ്യകാര്യങ്ങളിൽ സാക്ഷിയാകാനുള്ള കഴിവോ യോഗ്യതയോ അധികാരമോ സൃഷ്ടികൾക്കില്ല. ദൃശ്യാദൃശ്യങ്ങൾ ഒരുപോലെ അറിയുന്ന സർവജ്ഞനായ അല്ലാഹുവിനു മാത്രമേ ഉള്ളൂ. ജീവിച്ചിരിക്കുന്നവരും മൺമറഞ്ഞവരുമായ പുണ്യാത്മാക്കളുടെയോ പ്രതിഷ്ഠകളുടെയോ മറ്റു പ്രതിഭാസങ്ങളുടെയോ പേരിൽ സത്യം ചെയ്യുന്നത് അവയെ അല്ലാഹുവിനു തുല്യരാക്കലാകുന്നു. എന്നാൽ അല്ലാഹുവിന് അവനിഷ്ടമുള്ള ഏതു സൃഷ്ടിപ്രതിഭാസത്തിന്റെ പേരിലും ആണയിടാം. അത് അല്ലാഹു അവന്റെ പേരിൽ തന്നെ സത്യം ചെയ്യുന്നതുപോലെയാണ്. സൃഷ്ടികളെല്ലാം അവന്റേതാണ്, അവന്റെ കഴിവിനാൽ ഉളവായതാണ്. അവന്റെ അസ്തിത്വത്തിന്റെയും അപാരമായ കഴിവിന്റെയും ദൃഷ്ടാന്തങ്ങളാണവ. അല്ലാഹു സൃഷ്ടികളുടെ പേരിൽ ആണയിടുന്നതിന്റെ താൽപര്യം, ആണയിടപ്പെടുന്ന കാര്യത്തിന് ആ സൃഷ്ടികൾ ദൃക്സാക്ഷികളാകുന്നു എന്നല്ല; പ്രത്യുത ആ സൃഷ്ടികളുടെ അസ്തിത്വവും പ്രവർത്തനവും ആണയിടപ്പെടുന്ന കാര്യം സത്യമാകുന്നു എന്നതിന്റെ ദൃഷ്ടാന്തമാകുന്നു എന്നാണ്. ●